ഹദീസ്

**അബ്ദുല്ലത്വീഫ് കൊടുവള്ളി**

# വീടുകൾ ആത്മീയാലയങ്ങളാവണം

عَنْ أَبِي مُوسى الأَشْعَرِي قَالَ رَسُول الله صَلّى الله عَلَيْه وَسَلّم : مَثَلُ الْبَيْتِ الَّذِي يُذْكَرُ اللَّهُ فِيهِ وَالْبَيْتِ الَّذِي لاَ يُذْكَرُ اللَّهُ فِيهِ مَثَلُ الْحَيِّ وَالْمَيِّتِ .

**അബൂമൂസൽ അശ്അരിയിൽനിന്ന്. നബി(സ) പറഞ്ഞു: 'അല്ലാഹു സ്മരിക്കപ്പെടുന്ന വീടിന്റെയും അല്ലാഹു സ്മരിക്കപ്പെടാത്ത വീടിന്റെയും ഉദാഹരണം ജീവിച്ചിരിക്കുന്നയാളുടെയും മരിച്ചയാളുടെയും ഉദാഹരണം പോലെയാണ്' (ബുഖാരി, മുസ്‌ലിം).**

ഭൗതിക ലോകത്തെ രണ്ടു പ്രതിഭാസങ്ങളാണ് ജീവിതവും മരണവും. രണ്ടും പരസ്പരവിരുദ്ധം. ജൈവലോകത്തെ എല്ലാറ്റിലും ഇതൊരു സാധാരണ യാഥാർഥ്യമായി നാം കാണുന്നു.

ജീവിതത്തെയും മരണത്തെയും കുറിച്ച് ഖുർആനിലെ പ്രതിപാദ്യങ്ങളെ ആറായി തിരിക്കാം. ഒന്ന്, എല്ലാ ജീവജാലങ്ങളിലും നിലനിൽക്കുന്ന വളർച്ചാശേഷി അല്ലെങ്കിൽ അതിന്റെ അഭാവം (*ഹദീദ്* 17, *ഖാഫ്* 11). രണ്ട്, ജീവിയെ ജീവി എന്നു വിളിക്കാൻ നിദാനമായ പഞ്ചേന്ദ്രിയ ശേഷി അല്ലെങ്കിൽ അതിന്റെ അഭാവം (*ഫാത്വിർ* 22). മൂന്ന്, ജീവികളിലെ കർമക്ഷമമായ ബുദ്ധിശേഷി, അല്ലെങ്കിൽ അതിന്റെ അഭാവം (*അൻആം* 122). നാല്, സ്വാസ്ഥ്യം കെടുത്തുന്ന തരം ദുരിതങ്ങളും ദുഃഖങ്ങളും (*ഇബ്റാഹീം*: 17). അഞ്ച്, ജീവിത ദുഃഖങ്ങളിൽനിന്നുള്ള മോചനം (*ബഖറ* 154). ആറ്: ശാശ്വതമായ പാരത്രിക ജീവിതം (*അൻഫാൽ*: 24, *അൻകബൂത്ത്* 64).

ഭൗതികലോകത്ത് മനുഷ്യജീവിതം സാധ്യമാകുന്നത് വിവിധങ്ങളായ ജൈവിക പ്രവർത്തനങ്ങളിലൂടെയാണ്. ഒരാൾ ഈ ലോകത്ത് ഭൗതികമായി വിജയിച്ചു എന്ന് നാം സാധാരണയായി പറയുന്നത് ആയുസ്സ് എത്രകണ്ട് സജീവമായും സക്രിയമായും ഉപയോഗപ്പെടുത്താൻ കഴിഞ്ഞു എന്നതിനെ അടിസ്ഥാനമാക്കിയാണ്. ഇസ്‌ലാമിക വീക്ഷണത്തിൽ ഒരു മനുഷ്യന്റെ ജീവിതവും അയാൾ പെരുമാറുന്ന ഇടങ്ങളും സാർഥകവും സജീവവുമാണോ എന്ന് പ്രഥമമായും പ്രധാനമായും വിലയിരുത്തുന്നത് അല്ലാഹുവിനെ സ്മരിക്കാനും അതുവഴി ആത്മീയോർജം സ്വാംശീകരിക്കാനും എത്രകണ്ടു കഴിഞ്ഞു എന്നതിനെ മുൻനിർത്തിയായിരിക്കും; അല്ലാതെ ഭൗതികമാത്ര നേട്ടങ്ങളെ മുൻനിർത്തിയല്ല. ഇത് സാധ്യമായിട്ടില്ലാത്തവരെ ഭൗതികമായി ജീവിക്കുന്നവരെങ്കിലും മൃതരായാണ് ഖുർആൻ കാണുന്നത്. "മൃതനായ ഒരാളെ നാം ജീവിപ്പിച്ചു. അങ്ങനെ നാം അയാൾക്ക് ജനങ്ങൾക്കിടയിലൂടെ നടക്കാൻ ഒരു പ്രകാശം നൽകി. ഇയാളുടെ ഉപമ പുറത്തു കടക്കാൻ കഴിയാത്തവിധം അന്ധകാരങ്ങളിൽ അകപ്പെട്ടവനെ പോലെയാണോ?" (*അൻആം*: 122).

ഈ സൂക്തത്തിൽ മൃതാവസ്ഥക്കു ശേഷം ജീവൻ ലഭിച്ചയാൾ എന്നതിന്റെ വിവക്ഷ, ജാഹിലിയ്യത്തിന്റെ ഘനാന്ധകാരത്തിൽ മരിച്ചടങ്ങിയ ശേഷം ഇസ്‌ലാമാകുന്ന പ്രകാശത്താൽ യഥാർഥ ജീവിതത്തിലേക്ക് തിരിച്ചുവന്ന ഉമറുൽ ഫാറൂഖും പുറത്തുകടക്കാനാകാത്തവിധം അന്ധകാരങ്ങളിൽ ആണ്ടുപൂണ്ടവൻ എന്നതിന്റെ വിവക്ഷ അബൂജഹ്‌ലുമാണെന്ന് വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്.

لَيْسَ مَنْ مَاتَ فَاسْتَرَاحَ بِمَيِّت      إِنَّمَا الْمَيِّتُ مَيِّتُ الأَحْيَاء

(മരിച്ച് മണ്ണോടുചേർന്ന ആളല്ല, ജീവിച്ചിരിക്കെ മൃതസമാനനായവനാണ് യഥാർഥത്തിൽ മരിച്ചയാൾ) എന്ന കവിവാക്യവും, 'തീർച്ചയായും താങ്കൾ മരിച്ചവരെ കേൾപ്പിക്കില്ല' (*നംല്*: 80, *റൂം*: 52), 'ഖബ്റാളികളെ താങ്കൾ കേൾപ്പിക്കുന്നവനല്ല' (*ഫാത്വിർ*: 19-23) തുടങ്ങിയ ഖുർആനിക സൂക്തങ്ങളും ഭൗതികമായി ജീവിച്ചിരിക്കുന്നവരെങ്കിലും ആത്മീയമായി നിർജീവരായവരെ കൂടി ഉദ്ദേശിച്ചാണ്. ഈമാനാണ് മനുഷ്യന് യഥാർഥ ആത്മീയ ജീവൻ പകർന്നുനൽകുന്നതെന്നു സാരം. ജീവൻ എന്ന പോലെ ഈമാൻ പ്രകാശവുമാണെന്നും നബി(സ) വിശദീകരിച്ചിട്ടുണ്ട്: 'അല്ലാഹു ഇരുട്ടിലായാണ് മനുഷ്യന്റെ സൃഷ്ടികർമം നടത്തിയിട്ടുള്ളത്. എന്നിട്ടവൻ അവർക്കുമേൽ തന്റെ പ്രകാശം തളിച്ചു. അത് ആർക്ക് ലഭിച്ചുവോ അവൻ സന്മാർഗപ്രാപ്തനായി. ലഭിക്കാത്തവൻ പിഴച്ചു' (അഹ്മദ്). ഈ അർഥത്തിൽ ജീവനും പ്രകാശവും ഒന്നുതന്നെ.

സത്യവിശ്വാസിയുടെ സമസ്ത ജീവിത മണ്ഡലങ്ങളും ദൈവസ്മരണക്കുള്ള വേദികളാണ്. മനുഷ്യർ പൊതുവെ ദൈവസ്മരണയുടെ ഇടങ്ങളായി കാണാത്ത ചിലതിനെ നബി(സ) പ്രത്യേകം എടുത്തുപറഞ്ഞതായി കാണാം. മദീനയിൽ മാർക്കറ്റിന് സ്ഥലം നിർണയിച്ചുകൊടുത്ത ശേഷം, അവിടെ വരുന്നവർ നടത്തേണ്ടതായി നബി(സ) നിർദേശിച്ച പ്രാർഥന ഉദാഹരണം. ഇതുപോലെ, വീടുകൾ വെറും പാർപ്പിടമായാൽ പോരാ, പ്രാർഥനാ ഇടം കൂടിയാവണമെന്നാണ് മേൽ ഹദീസ് പഠിപ്പിക്കുന്നത്.

അല്ലാഹുവും ഇസ്‌ലാമും തദനുബന്ധമായതുമെല്ലാം മുസ്‌ലിം ഗൃഹങ്ങളിൽ സ്മരിക്കപ്പെടണം, ചർച്ചയാവണം. അപ്പോൾ മാത്രമേ വീടകങ്ങൾക്ക് ഇസ്‌ലാം ഉദ്ദേശിച്ച ഉള്ളടക്കമാവുകയുള്ളൂ. കോവിഡ് കാലത്ത്, വീടിനു പുറത്ത് നടന്നിരുന്ന പലതും വീടകങ്ങളിലേക്ക് പറിച്ചുനടേണ്ടിവന്നു. കളി, വിദ്യാഭ്യാസം ഉൾപ്പെടെ പലതും. അതിലൂടെ വീടുകൾക്ക് അതുവരെ ഇല്ലാത്ത മാനങ്ങൾ കൈവന്നു. പള്ളികളിൽ നടന്നിരുന്ന നമസ്കാരവും പ്രാർഥനയും വീടുകളിലേക്ക് മാറിയതോടെ കുറേയൊക്കെ ഗൃഹാന്തരീക്ഷം ഭക്തിസാന്ദ്രമാക്കാൻ കഴിഞ്ഞു. എന്നാൽ, മുകളിലെ ഹദീസ് പ്രതിസന്ധി ഘട്ടത്തിൽ വീടുകൾ ദൈവസ്മരണാലയങ്ങളാകുന്നതിനെക്കുറിച്ചല്ല, എപ്പോഴും അങ്ങനെയാകണമെന്നതിനെപ്പറ്റിയാണ് ഊന്നുന്നത്. അങ്ങനെയാകാത്ത വീടുകൾ മൃതസമാനമായിരിക്കും. പള്ളിയിൽ പോകാൻ പറ്റാത്ത സന്ദർഭങ്ങളിൽ വീടുകളിൽ വെച്ച് നമസ്കരിച്ചാൽ മതി എന്ന് ഇളവു തന്ന നബി തന്നെയാണ്, പ്രതിബന്ധമില്ലാത്ത സന്ദർഭങ്ങളിലും സുന്നത്ത് നമസ്കാരങ്ങൾ വീടുകളിൽ നിർവഹിക്കണമെന്ന് നിർദേശിച്ചതെന്നത് ശ്രദ്ധേയമാണ്. 'നിങ്ങളുടെ വീടുകളെ നിങ്ങൾ ഖബ്റുകളാക്കരുത്' എന്ന നബിവചനം പ്രസിദ്ധമാണ്.

നമസ്കാരം, ഖുർആൻ പാരായണം എന്നിവ പോലെത്തന്നെ ഇസ്‌ലാമും മുസ്‌ലിംകളുമായി ബന്ധപ്പെട്ട ആനുകാലിക വിഷയങ്ങളും ചർച്ചയാകുമ്പോഴാണ് വീടുകൾ ആത്മീയമായി സജീവമാവുക. ആ നിലവാരത്തിലേക്ക് ഗാർഹികാന്തരീക്ഷം മാറുമ്പോഴാണ് വീടെന്ന ഭൗതിക സൗധം ആത്മീയ ഗേഹം കൂടിയാവുക, സത്യവിശ്വാസികൾക്ക് യഥാർഥ ജീവൻ കൈവരിക. വീടു മാത്രമല്ല, അല്ലാഹുവിൽനിന്ന് ലഭ്യമായ എല്ലാ അനുഗ്രഹങ്ങളും പ്രഥമമായും പ്രധാനമായും അല്ലാഹുവിന്റെ താൽപര്യങ്ങൾ സാക്ഷാത്ക്കരിക്കാൻ ഉപയോഗപ്പെടുത്തപ്പെടണമെന്ന ബഹുമുഖ മാനങ്ങളുള്ള ആശയമാണ് മേൽ നബിവചനം നമ്മുടെ മുമ്പാകെ സമർപ്പിക്കുന്നത്. അത് സാധ്യമായില്ലെങ്കിൽ വീടു മാത്രമല്ല ജീവിതം തന്നെ ശവപ്പറമ്പിനു സമാനം നിർജീവമായിത്തീരും. ●

+91 80863 60835